(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യപശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കെ.എസ്.യു.ഡി.പി.-യിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർനടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കിവരുന്നു.

ക്ലീൻ കേരളയുടെ പ്രവർത്തനങ്ങൾ

109 (3312) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യും സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരിക്കുകയുമുണ്ടായി. നഗര സൗന്ദര്യവത്ക്കരണ പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലെക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി 15-01-2015 മുതൽ ആരംഭിക്കുകയുണ്ടായി. റെയിൽവേയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിലുള്ള റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

(ബി) (1) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 9,50,000, ചെലവ് 3,80,060 രൂപ

(2) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 30,59,000, ചെലവ് 6,53,000 രൂപ

(3) മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി - വരുമാനം 2689,000, ചെലവ് 41,02,000 രൂപ

(4) റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ - വരുമാനം 2,67,000, ചെലവ് 2,51,000 രൂപ.

കാസർഗോഡ് വികസന അതോറിറ്റി

110 (3313) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന അതോറിറ്റി നിലവിൽ ഉണ്ടായിരുന്നപ്പോൾ എത്ര ആളുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്;

(ബി) വായ്പയായി നൽകിയ തുകയുടെയും വായ്പ തിരിച്ചടച്ചവരുടെയും അടയ്ക്കാത്തവരുടെയും ഇനം തിരിച്ചുള്ള കണക്കുകൾ നൽകുമോ;